**കേരള സർക്കാർ**

<u>സംഗ്രഹം</u>

തദ്ദേശസ്വയംഭരണ വകുപ്പ് - പാർട്ണർ കേരള മിഷന്റെ ആസ്തി-ബാധ്യതകൾ തദ്ദേശസ്വയംഭരണ വകുപ്പിന് കീഴിൽ രൂപികരിച്ചിട്ടുള്ള IMPACT KERALA LIMITED ൽ നിക്ഷിപ്തമാക്കി പാർട്ണർ കേരള മിഷന്റെ പ്രവർത്തനം അവസാനിപ്പിച്ചുകൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയം ഭരണ (ഡി.സി) വകുപ്പ്**

സ.ഉ.(സാധാ)നം.4152/2017/തസ്വഭവ — തിരുവനന്തപുരം, തീയതി 22.12.2017

---

പരാമർശം :- 1) 27/09/2014 ലെ സ.ഉ.സാധാ(നം)2540/2014/തസ്വഭവ നമ്പർ സർക്കാർ ഉത്തരവ്

2) 23/09/2017 ലെ സ.ഉ.സാധാ(നം)3125/2017/തസ്വഭവ നമ്പർ സർക്കാർ ഉത്തരവ്

**<u>ഉത്തരവ്</u>**

സ്വകാര്യ മൂലധനം പ്രയോജനപ്പെടുത്തി നഗരസഭകൾക്കും, കോർപ്പറേഷനുകൾക്കും വികസന അതോറിറ്റികൾക്കും അടിസ്ഥാന സൗകര്യ വികസന പദ്ധതികൾ പൊതു-സ്വകാര്യ പങ്കാളിത്തത്തോടെ (PPP) സമയ ബന്ധിതമായി നടപ്പിലാക്കുന്നതിന് നോഡൽ ഏജൻസിയായി തദ്ദേശസ്വയംഭരണ വകുപ്പിന് കീഴിൽ പരാമർശം (1 )പ്രകാരം പാർട്ണർ കേരള മിഷൻ രൂപീകരിക്കുകയും 2014 മുതൽ അതിന്റെ പ്രവർത്തനം ആരംഭിക്കുകയും ചെയ്തു. പാർട്ണർ കേരള മിഷന് വേണ്ടി ബഹു.മുഖ്യമന്ത്രി അദ്ധ്യക്ഷനായി ഗവേണിംഗ് ബോഡിയും, ബഹു. തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രി അദ്ധ്യക്ഷനായി എക്സിക്യൂട്ടീവ് കമ്മറ്റിയും രൂപീകരിക്കുകയും, മിഷന് സാങ്കേതിക സഹായം ലഭ്യമാക്കുന്നതിനായി KITCO, കൊച്ചി എന്ന സ്ഥാപനത്തേയും പിന്നീട് INKEL Limited എന്ന സ്ഥാപനത്തെയും ട്രാൻസാക്ഷൻ അഡ്വൈസറായി നിയമിക്കുകയും ചെയ്തിരുന്നു.

2. നഗരസഭകൾ, കോർപ്പറേഷനുകൾ, വികസന അതോറിറ്റികൾ എന്നിവയ്ക്ക് പൊതുസ്വകാര്യ പങ്കാളിത്തത്തോടെ പദ്ധതികൾ നടപ്പിലാക്കുന്നതിന് നോഡൽ ഏജൻസിയായി പ്രവർത്തിക്കുക എന്ന ഉദ്ദേശത്തോടുകൂടിയാണ് പാർട്ണർ കേരള മിഷൻ രൂപീകരിച്ചതെങ്കിലും, 11/01/2017 ൽ ബഹു.മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ ചേർന്ന പാർട്ണർ കേരള മിഷന്റെ ഗവേണിംഗ് ബോഡിയിൽ തീരുമാനിച്ചതനുസരിച്ച് നഗരപ്രദേശങ്ങൾക്കൊപ്പം ഗ്രാമപഞ്ചായത്തുകളിലും പൊതു-സ്വകാര്യ പങ്കാളിത്തത്തോടെ പദ്ധതികൾ നടപ്പിലാക്കുന്നതിന് പാർട്ണർ കേരള മിഷന്റെ പ്രവർത്തനം പഞ്ചായത്തുകളിൽ കൂടി വ്യാപിപ്പിച്ചുകൊണ്ട് പരാമർശം (2) പ്രകാരം ഉത്തരവായിരുന്നു.

3. രണ്ടു വർഷക്കാലം കൊണ്ട് 108 പദ്ധതിനിർദ്ദേശങ്ങൾ പാർട്ണർ കേരള മിഷന് ലഭിച്ചിരുന്നുവെങ്കിലും പദ്ധതികൾ നടപ്പിലാക്കുന്നതിന് മതിയായ സ്വകാര്യ നിക്ഷേപകരെ കണ്ടെത്താൻ കഴിയാതിരുന്നതിനാൽ ഒരു പദ്ധതി പോലും ഏതെങ്കിലും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ യാഥാർത്ഥ്യമാക്കുന്നതിന് പാർട്ണർ കേരള മിഷന് കഴിഞ്ഞിരുന്നില്ല. പാർട്ണർ കേരള മിഷന് അതിന്റെ രൂപീകരണ ഉദ്ദേശലക്ഷ്യം ഫലപ്രാപ്തിയിൽ എത്തിക്കാൻ കഴിയാത്ത സാഹചര്യത്തിലും, KIIFB ഫണ്ട് ഉപയോഗിച്ച്

അടിസ്ഥാന സൗകര്യ വികസന പദ്ധതികൾ നടപ്പിലാക്കുന്നതിന് തദ്ദേശസ്വയംഭരണ വകുപ്പിന് കീഴിൽ സ്പെഷ്യൽ പർപ്പസ് വെഹിക്കിൾ ആയി IMPACT KERALA LIMITED രൂപികരിച്ചിട്ടുള്ള സാഹചര്യത്തിലും  പാർട്ണർ കേരള മിഷന്റെ ആസ്തി-ബാധ്യതകൾ IMPACT KERALA LIMITED ൽ നിക്ഷിപ്തമാക്കി,  പാർട്ണർ കേരള മിഷന്റെ പ്രവർത്തനം അവസാനിപ്പിച്ചുകൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

4. പാർട്ണർ കേരള മിഷന്റെ ആസ്തിബാധ്യതകൾ കണക്കാക്കി ഒരു മാസത്തിനകം സർക്കാരിൽ റിപ്പോർട്ട് സമർപ്പിക്കുവാൻ പാർട്ണർ കേരള മിഷൻ, ചീഫ് എക്സിക്യൂട്ടീവ് ഓഫീസറെ ചുമതലപ്പെടുത്തിയും ഉത്തരവാകുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻപ്രകാരം)

**റ്റി.കെ ജോസ്**

**ഗവ. പ്രിൻസിപ്പൽ സെക്രട്ടറി**

ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ, പാർട്ണർ കേരള മിഷൻ, സ്റ്റേറ്റ് മുനിസിപ്പൽ ഹൗസ്, വഴുതക്കാട് - എൻ.സി.സി റോഡ്, തിരുവനന്തപുരം

മാനേജിങ് ഡയറക്ടർ, IMPACT KERALA LIMITED, ഫസ്റ്റ് ഫ്ലോർ സ്വരാജ്ഭവൻ, നന്തൻകോട്, തിരുവനന്തപുരം

മാനേജിങ് ഡയറക്ടർ, INKEL LIMITED ,INKEL ഭവൻ ,ടി സി 15/125 &26 വെള്ളയമ്പലം ജങ്ഷൻ, ശാസ്തമംഗലം പി ഒ, തിരുവനന്തപുരം

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം

നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം

ജനറൽ മാനേജർ, KITCO, ടി.സി നമ്പർ 4/1687 42, ബെൽഹാവൻ ഗാർഡൻസ്, കവടിയാർ പി.ഒ, തിരുവനന്തപുരം

എല്ലാ ഗ്രാമ പഞ്ചായത്തുകൾക്കും (പഞ്ചായത്ത് ഡയറക്ടർ മുഖേന)

എല്ലാ മുനിസിപ്പാലിറ്റികൾക്കും (നഗരകാര്യ ഡയറക്ടർ മുഖേന )

എല്ലാ കോർപറേഷനുകൾക്കും (നഗരകാര്യ ഡയറക്ടർ മുഖേന )

പൊതുഭരണ ( എസ്.സി ) വകുപ്പ്

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/എ&ഇ) കേരള, തിരുവനന്തപുരം

എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം

ഡയറക്ടർ, ഐ&പി.ആർ.ഡി/ വെബ് & ന്യൂ മീഡിയ, തിരുവനന്തപുരം

കരുതൽ ഫയൽ/ ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ